THE
# CHURCH WEEKLY

ചർച്ച് വീക്കിലി

ഒററപ്രതി 2 ണ

വാല്യം X ... 1956 സെപ്തംബർ 23 ഞായർ ... ലക്കം 37

**Editorial**

# സ്ളീബാദാസസമൂഹം

**മലങ്കര**സഭയിലെ ആദ്ധ്യാത്മിക ജീവൻ അധികഭാഗവും ഐസ്ബെർഗ്ഗുപോലെ ജലനിരപ്പിന്നടിയിലാണു്. ഇടയ്ക്കിടെ ചില അത്ഭുതാവഹപ്രവർത്തനങ്ങളിലൂടെ അതിന്റെ തല വെള്ളത്തിന്നുമുകളിൽ കാണാം. അങ്ങിനെയുള്ള ചുരുക്കം ചില പ്രസ്ഥാനങ്ങളിലൊന്നാണു് സ്ളീബാദാസസമൂഹം.

ക്രിസ്തുവിന്റെ സുവിശേഷം ഭൂമിയുടെ അതിർത്തികളോളം അറിയിക്കുകയും സകല ജാതികളേയും തന്റെ നാമത്തിൽ മാമ്മോദീസാ മുക്കുകയും തന്നെക്കുറിച്ച് അവരെ പഠിപ്പിക്കുകയുമാണു് സഭയുടെ പ്രധാന ചുമതലയെന്നു് പണ്ടേ പലരും പ്രസംഗിയ്ക്കാറുണ്ടായിരുന്നെങ്കിലും ത്യാഗമനസ്ഥിതിയോടെ അതിന്നായി കച്ചകെട്ടിയിറങ്ങുവാൻ തയ്യാറുള്ളവരുണ്ടായിരുന്നില്ലെന്നുള്ളതു് സുറിയാനി സഭയുടെ ആദ്ധ്യാത്മികദാരിദ്ര്യത്തെയാണു് കുറിക്കുന്നതെന്നു് പലർക്കും പ്രത്യേകിച്ചും നമ്മെ സഹായിപ്പാൻ വന്ന ഓക്സ്ഫോർഡ്മിഷൻപാദ്രിമാർക്കും മററും അഭിപ്രായമുണ്ടായിരുന്നു.

1925-ലെ സിറിയൻവിദ്യാർത്ഥി സംഘത്തിന്റെ 16-ാം സമ്മേളന റിപ്പോർട്ടിൽ "കറുത്തിരുണ്ട സുറിയാനിസഭാ നഭോമണ്ഡലത്തിലുദിച്ചുയരുന്ന നാലുജ്ജ്വല താരങ്ങളെ" പ്പററി പ്രതിപാദിക്കുന്നുണ്ടു്. ബെഥനിയാശ്രമം, ബാലികാമഠം, യൂണിയൻക്രിസ്ത്യൻ കോളേജ്, സിറിയൻ വിദ്യാർത്ഥിസംഘം ഇവയാണു് നാലു്. സ്ളീബാദാസസംഘം 1924 സെപ്തംബർ 27-ാംനു- ഉടലെടുത്തിരുന്നെങ്കിലും അന്നു് നഭോമണ്ഡലത്തിൽ കാണ്മാൻ മാത്രം വലിപ്പമുണ്ടായിരുന്നില്ല. എന്നാൽ എട്ടൊൻപതു വർഷങ്ങൾക്കുശേഷം നടന്ന വിദ്യാർത്ഥിസംഘത്തിന്റെ രജതജൂബിലി സംബന്ധിച്ച റിപ്പോർട്ടിൽ, അതിനകം പതിനായിരത്തോളം അധഃകൃതരെ സഭയിലേയ്ക്കു് കൊണ്ടുവന്നുകഴിഞ്ഞിട്ടുള്ള സ്ളീബാദാസസമൂഹത്തിന്റെ പ്രവർത്തനത്തിൽ വിദ്യാർത്ഥിസമ്മേളനം അഭിമാനം കൊള്ളുന്നതായി കാണുന്നുണ്ടു്. അത്ഭുതാവഹമായ ഒരാദ്ധ്യാത്മികചൈതന്യമാണു്, മൂക്കഞ്ചേരിൽ പത്രോസ്ശെമ്മാശ്ശനിൽ കൂടി സഭാമണ്ഡലത്തിൽ പ്രസരിച്ചതു്. ബ്രാഹ്മണസമമായ അഭിജാത്യബോധമുള്ള സുറിയാനി ക്രിസ്ത്യാനികൾക്കു് പുലയരും പറയരുമായൊരുമിച്ചു നിന്നാരാധിക്കുക അചിന്ത്യമായിരുന്നു. കക്ഷിത്വം സംബന്ധിച്ച പ്രശ്നങ്ങളും ആദ്യംമുതലെ അദ്ദേഹത്തിന്നഭിമുഖീകരിയ്ക്കേണ്ടിവന്നു. കാൽനടയായി അലഞ്ഞുതിരിഞ്ഞു, മനുഷ്യരുടെ അധിക്ഷേപത്തേയും എതിർപ്പിനേയും സവിനയം, സവിശ്വാസം നേരിട്ടു്, പട്ടിണികിടന്നും കഷ്ടം സഹിച്ചും പുലമാടങ്ങൾ തോറും കയറിയിറങ്ങി ക്രിസ്തുവിന്റെ സുവിശേഷമറിയിക്കുകയും, അങ്ങിനെയറിയിക്കുവാൻ അന്യരെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഈ ശ്രേഷ്ഠവ്യക്തിയുടെയും മററു് സമൂഹാംഗങ്ങളുടേയും സേവനസന്നദ്ധതയും ത്യാഗമനസ്ഥിതിയും നാമോരോരുത്തരെയും പുളകം കൊള്ളിക്കയും പ്രചോദിപ്പിക്കയും ചെയ്യേണ്ടതാണു്.

എന്നാൽ ഇന്നുവരെ ഇരുപതിനായിരത്തോളം അധഃകൃതരെ മാമോദീസാ മുക്കിയിട്ടുള്ള ഈ സമൂഹം അതിന്റെ കൃത്യനിർവഹണത്തെ സംബന്ധിച്ചിടത്തോളം പ്രധാനങ്ങളായ രണ്ടു് പ്രശ്നങ്ങളെയഭിമുഖീകരിക്കുന്നുണ്ടു്.

ഏററവും പ്രധാനമായ പ്രശ്നം സഭയുടെ ഈ പുതിയ അംഗങ്ങളുടെ ആദ്ധ്യാത്മികമായ വളർച്ചയ്ക്കത്യാവശ്യമുള്ള സഹായം അവർക്കു് സഭയിൽനിന്നു ലഭിക്കുന്നില്ലെന്നുള്ളതാണു്. തന്മൂലം അവരിൽപ്പലരും ഇന്നു് ആധുനിക നവീകരണസഭകളിലേയ്ക്കും, ചിലരൊക്കെ പഴയ ആചാരങ്ങളിലേയ്ക്കും മററുചിലർ മാർക്സിസത്തിലേയ്ക്കും പോയിട്ടുള്ളതായിട്ടും പോയിക്കൊണ്ടിരിക്കുന്നതായും അറിയുന്നുണ്ടു്. നമ്മുടെ കുടുംബങ്ങളിൽ ജനിക്കുന്ന ക്രിസ്ത്യാനിക്കുഞ്ഞുങ്ങൾക്കു നാം ആവശ്യമായ ആദ്ധ്യാത്മിക പരിശീലനം നൽകുന്നില്ലെന്നുള്ളതു് നമുക്കു് പണ്ടേയുള്ള ഒരു കുറവാണു്. എന്നാൽ അതിനേക്കാൾ ഗൗരവാഹമായ ഒരു കുററമാണു് അന്യമതങ്ങളിൽ നിന്നും ക്രിസ്തുവിന്റെ ശരീരത്തിലേയ്ക്കു് വന്നിട്ടുള്ളവരെ നാം ആത്മീകമായി പട്ടിണിയിട്ടു് കൊല്ലുന്നതു്. ആവശ്യമുള്ള പരിശീലനമുള്ള സ്ളീബാദാസന്മാർ വേണ്ടത്രയുണ്ടായി, അവർ ഇവരുടെ ദൈനംദിന ആദ്ധ്യാത്മികാവശ്യങ്ങളെ നടത്തിക്കൊടുപ്പാൻ കഴിവുള്ളവരായിത്തീരുന്നതിനു പുറമേ ഈ പുതുക്രിസ്ത്യാനികളുടെ വീടുകൾ സന്ദർശിച്ചു് അവരെ ദൈവവിശ്വാസത്തിലും ആരാധനയിലും വളർത്തിക്കൊണ്ടുവരുവാൻ സന്നദ്ധതയുള്ള ഇടവകപ്പട്ടക്കാർ കൂടുതലായി നമുക്കുണ്ടാവുകയും കൂടെ ചെയ്യെങ്കിൽ മാത്രമേ സമൂഹ

.M Reg: No. 5286. Licence No. 98.

# ചർച്ചുവീക്കിലി

story; the word occurs only as disparaging remark on the lips of the unwelcoming villagers of Jesus's home country (Mark 6:3). No conclusions are drawn concerning the dignity of labour, and the Lord's example as a craftsman is nowhere commended t[illegible] Christian workers as a pattern to [illegible]itiated. In the Epistles Christia[illegible]ves are bidden to follow the example of the patient suffering of the Messiah, but they are not told to copy the virtues of the Good Carpenter. This, ofcourse is no reason why we should fail to see the significance of the fact that God, when he most wonderfully and humbly chose to be made man, was incarnate in the person not of a king or a ruler or a philosopher or a priest but in that of a village workman. Such a truth cannot be without significence for Christian faith and life. But the New Testament writers do not take notice of it. They pass over in complete silence the years during which our Lord worked in Nazerth as an artisan. For then *the* work of Jesus is not his work as craftsman, but his work as the redeemer of the world. The work which God had given him to do was the work of the world's salvation. (John 4: 34, 17:4 etc.), the work was established on the cross with the cry *tetetestai* ("It is finished") John 19:30).

In the same kind of way the New Testament writers are not so much interested in the work by which Christian believers earn their daily bread as in the work which they do for the Gospel's sake, the work of preaching and teaching and caring for the flock of Christ. In fact, the word "work" as we find it in the New Testament, is used metaphorically in the great majority of instances. It refers to the "work" of Christians as labourers in God's harvest of the world, their work as sowers of the word, as planters, husbandsmen and reapers (i. Cor. 3:9; ii. Cor. 6:1; John 4:35-38 etc.) In this work all Christains are expected to engage as "felloworkers with God". Thus the proper "work" of Christians is not for the New Testament writers their secular employment, but their service in the furtherance of the Gospel; the word work is almost always used in a technical—theological sense and not In its liberal meaning. [illegible] Christ's proper work was not his work as a carpenter, so also the proper work of Christians is not their secular employment. Paul and Aquilla and priscilla might continue to earn their livelihood as tent-makers (Acts 18:3) but their Christian work is not the task of earning their daily bread. The Christian disciple must be ready to forsake his earthly employment for the work of the Kingdom of God, like those original apostles who left their nets and followed Christ.

Hence, as we might expect, the word 'vocation' in its biblical sense never refers to a mans' earthly calling, his profession or occupation; it means God's call to repentance and faith and to the life of service within the redeemed community. We cannot with propriety speak of God's calling a man to be a doctor or a schoolmaster or an engineer. God's calls to fellowship with himself in Christ's body, the church God's *Klesis* brings his *ekkletoi* into his *ekklesia*. This vocation or calling comes to every Christian, and thus he becomes a layman, or member of the *laos* (people) of God. This basic New Testament truth has been sadly observed by the common practice of speaking of God's call to the ministry as if the Church cansisted of clergy and 'ministers' only. In theNew Testament vocatin means Gods call to membership of the laity the *laos* of God; and it means nothing else. God calls men (laymen) into membership of his Church, and therefore to a life of of ministry (diakonia), and every layman or member of the *laos* is endowed with a special gift (charisma) of the Holy spirit which enables him to perform his allotted ministry in the total ministry of Christ's body (1 Cor 12.). The division of the Church of *laos* of of God into "professional" Christians, called clergy or ministers, and non professional Christians, called "laymen", is one of the most serious distortions of New Testament teaching which has ever appeared in Christian history. And it is almost universal throught the Christian world. A layman in the apastolic Church was one who had responded to God's call (vocation) and who had been baptised into Christ's body being there by duty commissioned to under take his appointed ministry in the work of furthering the Gospel. A layman to day is all too frequently one who takes little active part in the furtherance of Gospel beyond subscribing to Church funds and thus maintaining a professional ministry which relives him of the duty of actively ministering the Gospel.

The New Testament teaches that all the members of Christ's Church are lay men, including apostles, bishops (over seers)presbyters and deacons, and all must exercise their function or ministry as the different organs or members of the one body. There is, ofcourse, difference of function with in the total ministry of the Church, for not all the members of the body have the same office; but there can be no division along the lives of "professional" and amateur". (To be continued) Address given at the Evanston assembly of The world council of Churches.

---

## സഭാ കലണ്ടർ

1956 സെപ്റ്റംബർ

23—ഞായർ സ്ലീബായുടെ ശേഷം 2
24—തിങ്കൾ ദീമോത്തിന്റെ ഓർമ്മ
25—ചൊവ്വാ
26—ബുധൻ കാർത്തേജിലെ കുപ്രിയാനോസ് (258 A.D.)
27—വ്യാഴം
28—വെള്ളി
29—ശനി

---

## ഇടവകപ്രബോധിനി

സെക്കൻഡരാബാദ് ഓർത്തഡോക്സ് ഇടവകയ്ക്കുവേണ്ടി വികാരി റവ. ഫാദർ. തോമസ് മുത്തേടം പ്രസിദ്ധപ്പെടുത്തുന്ന ഇടവകപ്രബോധിനി മാസികയുടെ പ്രഥമ ലക്കം കൈപ്പറ്റിയിരിക്കുന്നു. ഇടവക സംബന്ധമായ പല കാര്യങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്.

Printed and Published by N. M. Abraham B. A., at the Malayala Manorama Press, Kottayam.